**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 249** **29-01-2024 - ൽ മറുപടിയ്ക്ക്**

**അവയവമാറ്റ ശസ്ത്രക്രിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നത് എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന സർക്കാർ ആശുപത്രികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br><br>1. മെഡിക്കൽ കോളേജ്, തിരുവനന്തപുരം<br><br>2. മെഡിക്കൽ കോളേജ്, ആലപ്പുഴ<br><br>3. മെഡിക്കൽ കോളേജ്, കോട്ടയം<br><br>4. മെഡിക്കൽ കോളേജ്, തൃശ്ശൂർ<br><br>5. മെഡിക്കൽ കോളേജ്, കോഴിക്കോട്<br><br>6. ജനറൽ ആശുപത്രി, എറണാകുളം |
| (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിൽ പുതുതായി തുടങ്ങിയ പി.എം.എസ്.വൈ ബ്ലോക്കിൽ കരൾ മാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിവരുന്നു. ആവശ്യമായ ഉപകരണങ്ങളും ജീവനക്കാരും സജ്ജമാകുന്ന മുറയ്ക്ക് കരൾ മാറ്റ ശസ്ത്രക്രിയ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| (സി) | കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ ഏതൊക്കെ ജില്ലകളിൽ നിന്നും രോഗികൾ എത്തുന്നുവെന്നും ആഴ്ചയിൽ എത്ര സർജറികൾ നടക്കുന്നുണ്ടെന്നും ഏതൊക്കെ ദിവസങ്ങളിൽ ആണ് സർജറി നടത്തുന്നത് എന്നും വ്യക്തമാക്കാമോ; | (സി) | കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നും അയൽ സംസ്ഥാനങ്ങളിലെ ഗൂഡല്ലൂർ, കോയമ്പത്തൂർ എന്നിവിടങ്ങളിൽ നിന്നും രോഗികൾ എത്തുന്നുണ്ട്. ചൊവ്വ, വെള്ളി, ശനി ദിവസങ്ങളിൽ ഒരു ഓപ്പറേഷൻ ടേബിൾ സൗകര്യമാണ് നിലവിൽ സർജറിക്കായി ലഭ്യമായിട്ടുള്ളത്. ലഭ്യമായ 3 തിയേറ്ററുകളിൽ ആകെ 9 പേർക്ക് സർജറി നടത്താനുള്ള സൗകര്യമാണ് ഇപ്പോൾ നിലവിലുള്ളത്. |
| (ഡി) | സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ ഒരു എം.സി.എച്ച്. കോഴ്സ് നടത്തുന്നതിന് അനുമതി | (ഡി) | സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ എം.സി.എച്ച്. കോഴ്സ് ആരംഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | ലഭിച്ചിരുന്നോയെന്ന് വിശദമാക്കാമോ; അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ എന്നാണ് ലഭിച്ചതെന്നും പ്രസ്തുത കോഴ്സ് ആരംഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ? | | എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ അഫിലിയേഷൻ, നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതിപത്രം എന്നിവ ലഭിക്കുന്ന മുറയ്ക്ക് കോഴ്സ് ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ